മുൻകരുതലുകൾ ശക്തമാക്കി ജില്ലാ ഭരണകൂടം

ജില്ലയിൽ കനത്ത മഴയ്ക്കുള്ള സാധ്യത മാത്രം: കളക്ടർ

കാക്കനാട്: സംസ്ഥാനത്ത് അതിതീവ്രമഴയ്ക്കു സാധ്യതയുണ്ടെന്നു കേന്ദ്ര കാലാവസ്ഥാ നിരീക്ഷണകേന്ദ്രം നൽകിയ മുന്നറിയിപ്പിന്റെ അടിസ്ഥാനത്തിൽ സുരക്ഷാനടപടികൾ ശക്തമാക്കി ജില്ലാ ഭരണകൂടം. അടിയന്തരസാഹചര്യം നേരിടുന്നതിനു ജില്ലയിൽ സുരക്ഷാനടപടികൾ ശക്തമാക്കിയതായി ജില്ലാ കളക്ടർ മുഹമ്മദ് സഫീറുള്ള അറിയിച്ചു. കളക്ടറേറ്റിൽ ചേർന്ന യോഗത്തിൽ ജില്ലാ ഭരണകൂടം കൈക്കൊണ്ട നടപടികൾ ജില്ലയിലെ ജനപ്രതിനിധികളോടു കളക്ടർ വിശദീകരിച്ചു. ജനപ്രതിനിധികളുടെ അഭിപ്രായങ്ങൾ സ്വരൂപിക്കുകയും ചെയ്തു.

ജില്ലയിൽ റെഡ് അലർട്ട് പ്രഖ്യാപിച്ചു എന്ന പ്രചാരണം അടിസ്ഥാനരഹിതമാണെന്നു കളക്ടർ പറഞ്ഞു. ജില്ലയിൽ കനത്ത മഴയ്ക്കുള്ള സാധ്യത മാത്രമേയുള്ളൂ. യെല്ലോ അലർട്ടാണ് പ്രഖ്യാപിച്ചിട്ടുള്ളത്. സമീപജില്ലകളിലെ റെഡ് അലർട്ട് മുന്നറിയിപ്പ് കേന്ദ്ര കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം പിൻവലിച്ചിട്ടുണ്ട്. ചുഴലിക്കാറ്റിന്റെ ദിശ സംബന്ധിച്ചു കേന്ദ്ര കാലാവസ്ഥാ നിരീക്ഷണകേന്ദ്രത്തിൽനിന്ന് അറിയിപ്പ് ലഭിച്ചിട്ടില്ല.

താലൂക്കുകളിൽ 24 മണിക്കൂറും കൺട്രോൾ റൂം പ്രവർത്തിപ്പിച്ചുതുടങ്ങി. ഒരോ താലൂക്കുകളിലെയും മേൽനോട്ടച്ചുമതല ജില്ലയിലെ ഉന്നത റവന്യു ഉദ്യോഗസ്ഥരെ ഏൽപ്പിച്ചു. പോലീസ്, അഗ്നിരക്ഷാ സേന തുടങ്ങിയവ സജ്ജമാണെന്നും കളക്ടർ അറിയിച്ചു. ചുഴലിക്കാറ്റു മുന്നറിയിപ്പു ലഭിച്ചതോടെ ജനങ്ങൾ ഭീതിയിലാണെന്നും കഴിഞ്ഞ പ്രളയകാലത്തെ അനുഭവം പാഠമാക്കി മുൻകരുതലുകൾ ചിട്ടപ്പെടുത്തണമെന്നും ജനപ്രതിനിധികൾ ആവശ്യപ്പെട്ടു. അണക്കെട്ടുകളുടെ സ്ഥിതിഗതികൾ കെഎസ്ഇബി അധികൃതർ യഥാസമയം ജില്ലാ കളക്ടറെ അറിയിക്കണമെന്നും അവർ ആവശ്യപ്പെട്ടു.

എംഎൽഎമാരായ ഹൈബി ഈഡൻ, വി.ഡി. സതീശൻ, പി.ടി. തോമസ്, റോജി എം. ജോൺ, അൻവർ സാദത്ത്, വി.പി. സജീന്ദ്രൻ, വി.കെ. ഇബ്രാഹിംകുഞ്ഞ്, എസ്. ശർമ, കെ.ജെ. മാക്സി, എൽദോസ് കുന്നപ്പിള്ളി, ജോൺ ഫെർണാണ്ടസ്, കൊച്ചി മേയർ സൗമിനി ജെയിൻ, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ബി.എ. അബ്ദുൾ മുത്തലിബ്, തദ്ദേശ സ്വയംഭരണ അധ്യക്ഷന്മാർ, ജില്ലാതല ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

ജില്ലയിലെ ബീച്ചുകൾ അടച്ചിട്ടു

കൊച്ചി: അറബിക്കടലിൽ ന്യൂനമർദം രൂപപ്പെടുമെന്ന മുന്നറിയിപ്പിനെത്തുടർന്നു ജില്ലയിലെ ബീച്ചുകൾ അടച്ചിട്ടു. ജാഗ്രതാ നിർദേശം പിൻവലിയ്ക്കുന്നതുവരെ വിനോദസഞ്ചാരികളടക്കമുള്ള ആരെയും ബീച്ചുകളിൽ പ്രവേശിപ്പിക്കില്ല. മലയിടിച്ചിൽ സാധ്യതയുള്ളതിനാൽ ഹൈറേഞ്ചുകളിലെ വിനോദ സഞ്ചാരത്തിനും നിയന്ത്രണമേർപ്പെടുത്തിയിട്ടുണ്ട്.

മത്സ്യത്തൊഴിലാളികൾ കടലിൽ പോകരുതെന്നും പോയവർ ഉടനെ തിരിച്ചെത്തണമെന്നും അറിയിപ്പു നൽകിയതായി കളക്ടർ അറിയിച്ചു. വിനോദസഞ്ചാര കേന്ദ്രമായ ഫോർട്ടുകൊച്ചി കടപ്പുറം താത്കാലികമായി അടച്ചു. ഇന്നലെ വൈകുന്നേരത്തോടെ പോലീസെത്തി കടപ്പുറത്തേക്കുള്ള പ്രവേശനം തടയുകയായിരുന്നു. കടപ്പുറത്തേക്കു സഞ്ചാരികൾ പ്രവേശിക്കാതിരിക്കാൻ വടം ഉപയോഗിച്ച് കെട്ടിയിട്ടുണ്ട്. കടപ്പുറത്തെ കച്ചവടങ്ങളും പോലീസ് വിലക്കി. ചെല്ലാനം, കണ്ണമാലി എന്നിവിടങ്ങിൽ ഉച്ചഭാഷിണിയിലൂടെ ജാഗ്രതാ നിർദേശം നൽകി. കൊച്ചി ഫിഷറീസ് ഹാർബറിൽ ബോട്ടുകൾ കടലിൽ പോയിട്ടില്ല.

ജനപ്രതിനിധികൾ തമ്മിൽ വാഗ്വാദം

അതിതീവ്രമഴ ഉണ്ടാകാൻ സാധ്യതയുള്ള സാഹചര്യത്തിൽ മുൻകരുതൽ എടുക്കുന്നതിനായി ജില്ലാ കളക്ടർ വിളിച്ചു ചേർത്ത യോഗത്തിൽ ജനപ്രതിനിധികൾ തമ്മിൽ വാഗ്വാദം. പ്രളയകാലത്ത് സർക്കാർ സ്വീകരിച്ച നടപടികളെ വിമർശിച്ചതാണ് ഇരുവിഭാഗങ്ങൾ തമ്മിലുള്ള രൂക്ഷ വാക്കേറ്റത്തിനിടയാക്കിയത്. ജില്ലയിലെ എംഎൽഎമാരും തദ്ദേശ സ്വയംഭരണ അധ്യക്ഷന്മാരും പങ്കെടുത്ത യോഗത്തിൽ വൈദ്യുതി ബോർഡിലെ ഉന്നതോദ്യോഗസ്ഥർ പങ്കെടുക്കാതിരുന്നതിനെച്ചൊല്ലിയുണ്ടായ വിമർശമാണ് തർക്കത്തിനു തുടക്കം.

യോഗത്തിൽ കെഎസ്ഇബി അസിസ്റ്റന്റ് എൻജിനീയർ മാത്രമാണ് എത്തിയത്. ജനങ്ങളുടെ ജീവന് വെല്ലുവിളി നേരിടുന്ന സാഹചര്യത്തിൽ ഉദ്യോഗസ്ഥർ നിരുത്തരവാദപരമായി പെരുമാറുന്നത് അംഗീകരിക്കാനാവില്ലെന്നായിരുന്നു പ്രതിപക്ഷ എംഎൽഎമാരുടെ ആരോപണം. നാടിനെ ദുരിതത്തിലാക്കിയ മഹാപ്രളയത്തിൽ ഏറ്റവും കൂടുൽ വിമർശനം ഏറ്റുവാങ്ങിയ വൈദ്യുതി ബോർഡ് ഉന്നതോദ്യോഗസ്ഥർ യോഗത്തിൽ എത്താതിരുന്നതിനാൽ ജനപ്രതിനിധികളുടെ ചോദ്യത്തിന് മറുപടി പറയേണ്ട ബാധ്യത കളക്ടർക്കായി.

ഇതിനിടെ യോഗം രാഷ്ട്രീയ ചർച്ചയ്ക്കു വേദിയാക്കരുതെന്നു ജോൺ ഫെർണാണ്ടസ് എംഎൽഎ അഭിപ്രായപ്പെട്ടത് പ്രതിപക്ഷത്തെ ചൊടിപ്പിച്ചു. സർക്കാർ നടപടികളെ അനുകൂലിച്ച് എസ്. ശർമ എംഎൽഎ സംസാരിച്ചപ്പോൾ തങ്ങൾ വിമർശിച്ചില്ലെന്നും വൈദ്യുതി മന്ത്രിയായിരുന്ന അദ്ദേഹത്തിന്റെ അനുഭവങ്ങളുടെ പശ്ചാത്തലത്തിൽ സാംസാരിച്ചതിനോട് അനുകൂലിക്കുകയായിരുന്നുവെന്നും പ്രതിപക്ഷം ചൂണ്ടിക്കാട്ടി.

നാട്ടിലെ ജനങ്ങളെ ബാധിക്കുന്ന പ്രശ്നത്തിൽ രാഷ്ട്രീയമായി വേർതിരുവുണ്ടാക്കാൻ ശ്രമിച്ച ജോൺ ഫെർണാണ്ടസിന്റെ അനവസരത്തിലുള്ള പ്രസ്താവന പിൻവലിച്ചു യോഗത്തിൽ മാപ്പ് പറയണമെന്ന് പി.ടി. തോമസ് എംഎൽഎ ആവശ്യപ്പെട്ടതോടെ ഭരണ, പ്രതിപക്ഷ ജനപ്രതിനിധികൾ ചേരിതിരിഞ്ഞ് വാക്കേറ്റമായി.

സർക്കാറിനെ കുറ്റപ്പെടുത്തി പറയേണ്ടെന്നായിരുന്നു ഭരണപക്ഷത്തിന്റെ ആവശ്യം. തർക്കത്തെത്തുടർന്ന് യോഗം ഏറെനേരം തടസപ്പെട്ടു. ഒടുവിൽ കളക്ടർ ഇടപെട്ട് രംഗം ശാന്തമാക്കിയതിനെത്തുടർന്നാണ് യോഗം തുടരാനായത്.

സല്യൂട്ട്... കലൂർ ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ ഇന്നലെ കേരള ബ്ലാസ്റ്റേഴ്സും മുംബൈ സിറ്റി എഫ്സിയും തമ്മിൽ നടന്ന മത്സരത്തിൽ ഗോൾ നേടിയ ബ്ലാസ്റ്റേഴ്സ് താരം ഹാളിചരൺ നർസാരി കാണികളെ സല്യൂട്ട് ചെയ്യുന്നു.

ക്വട്ടേഷൻ സംഘത്തെ പിടികൂടിയ സംഭവം:

അന്വേഷണം തടി വ്യാപാരികളിലേക്ക്

മൂവാറ്റുപുഴ: കഴിഞ്ഞ ദിവസം പോലീസിന്റെ പിടിയിലായ മയക്കുമരുന്നു സംഘത്തലവൻ ഉൾപ്പെടെ 20 ഗുണ്ടകളെ ചുറ്റിപ്പറ്റിയുള്ള അന്വേഷണം പെരുമ്പാവൂരിലെ തടി വ്യാപാരികളിലേക്കു വ്യാപിപ്പിക്കുന്നു. പെരുമ്പാവൂരിലെ തടി വ്യാപാരിയുടെ ഡ്രൈവറാണ് ക്വട്ടേഷൻ നൽകിയതെന്നു പോലീസ് സ്ഥിരീകരിച്ചിട്ടുണ്ട്.

ഇയാളെ പിടികൂടുന്നതിനുള്ള നീക്കം ആരംഭിച്ചതായി ഡിവൈഎസ്പി കെ. ബിജുമോൻ അറിയിച്ചു. ഒരു വിഭാഗം തടിവ്യാപാരികൾ സംരക്ഷണം ആവശ്യപ്പെട്ടു പോലീസിൽ പരാതി നൽകിയിട്ടുണ്ട്. തടി വ്യാപാരികൾ തമ്മിലുള്ള തർക്കമാണ് പ്രശ്നത്തിനു തുടക്കം.

പ്ലൈവുഡ് കമ്പനികളിലേക്കുള്ള തടിലോറികൾ തടഞ്ഞു നിർത്തി തടിക്കച്ചവടം നടത്തുന്നതുമായി ബന്ധപ്പെട്ടു കഴിഞ്ഞദിവസം പേഴയ്ക്കാപ്പിള്ളിയിൽ സംഘർഷം ഉണ്ടായതിന്റെ തുടർച്ചയായിട്ടാണ് ക്രിമിനൽ സംഘം മൂവാറ്റുപുഴയിലെത്തിയത്. എറണാകുളം കേന്ദ്രീകരിച്ചു പ്രവർത്തിക്കുന്ന ഗുണ്ടാ സംഘങ്ങൾ മൂവാറ്റുപുഴയിൽ ആക്രമണം നടത്താൻ സാധ്യതയുണ്ടെന്ന ഇന്റലിജൻസ് റിപ്പോർട്ടു ഡിവൈഎസ്പിക്കു ലഭിച്ചിരുന്നു.

ഡിവൈഎസ്പി കെ. ബിജുമോന്റെയും സിഐ സി. ജയകുമാറിന്റെയും നേതൃത്വത്തിൽ പോലീസ് മുന്നൊരുക്കം നടത്തിയിരുന്നു. സംഘം എത്തുന്നതിനു മുമ്പു തന്നെ മൂവാറ്റുപുഴ ടൗണിൽ യൂണിഫോമിലും മഫ്തിയിലും പോലീസിനെ വിന്യസിച്ചു. രാത്രി ഒമ്പതോടെ ടൗണിൽ രണ്ടു വാഹനങ്ങളിലായി സംഘം എത്തിയപ്പോൾ തന്നെ ഏറ്റുമുട്ടലില്ലാതെ പോലീസിനു ഇവരെ കീഴടക്കാനായി.

മയക്കുമരുന്ന് കൈവശം വച്ചതിനും വടകരയിൽ റിസോർട്ടുടമയെ വെടിവച്ച കേസിലും ആയുധങ്ങൾ കൈവശംവച്ചു ക്വട്ടേഷൻ പ്രവർത്തനങ്ങൾ നടത്തിയ കേസിലും വാഹനം കത്തിച്ച കേസിലും പോക്സോ കേസിലും മറ്റു നിരവധി കേസുകളിൽ പ്രതികളാണ് പോലീസിന്റെ പിടിലായവർ.

കുഫോസ് കാമ്പസിൽ കരനെൽ കൃഷിയുടെ കൊയ്ത്ത് വൈസ് ചാൻസലർ ഡോ. എ. രാമചന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു. ഡീൻ ഡോ. എം.എസ്. രാജു, രജിസ്ട്രാർ ഡോ. വി.എം. വിക്ടർ ജോർജ്, പള്ളുരുത്തി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ടി.പി. പീതാംബരൻ, കുമ്പളം കൃഷിഭവൻ ഓഫീസർ പി.എൻ. രാജു എന്നിവർ സമീപം.

കുഫോസിൽ ഒരേക്കറിൽ കരനെല്ല് വിളഞ്ഞു

കൊച്ചി: വിദ്യാർഥികളിലും നാട്ടുകാരിലും ആവേശം നിറച്ചു കേരള ഫിഷറീസ് സമുദ്രപഠന സർവകലാശാല (കുഫോസ്) കാമ്പസിൽ കരനെൽ കൃഷിയുടെ കൊയ്ത്ത് ഉത്സവം. വൈസ് ചാൻസലർ ഡോ. എ. രാമചന്ദ്രൻ ഉദ്ഘാടനം ചെയ്തു. അന്യംനിന്നു പോയ കരനെൽ കൃഷി കർഷകർക്കിടയിൽ തിരികെയെത്തിക്കാനുള്ള ശ്രമങ്ങളുടെ ഭാഗമായാണു കുഫോസ് കാമ്പസിൽ കരനെൽ കൃഷിയിറക്കിയതെന്നു വൈസ് ചാൻസലർ ഡോ. എ. രാമചന്ദ്രൻ പറഞ്ഞു.

പനങ്ങാട് സ്റ്റാഫ് ക്വാർട്ടേഴ്സ് വളപ്പിൽ തരിശ് കിടന്ന ഒരേക്കർ ഭൂമിയിലായിരുന്നു കൃഷി. ജൂൺ ആദ്യവാരമായിരുന്നു വിത്ത് വിതച്ചത്. കൃഷി ഓഫീസർ പി.എൻ. രാജുവിന്റെ നേതൃത്തിൽ കുമ്പളം കൃഷിഭവൻ കരനെൽ കൃഷിക്കാവശ്യമായ സഹായങ്ങൾ യൂണിവേഴ്സിറ്റിക്കു നൽകി. രജിസ്ട്രാർ വി.എം. വിക്ടർ ജോർജിന്റെയും ഫിഷറീസ് ഡീൻ ഡോ. എം.എസ്. രാജുവിന്റെയും നേതൃത്വത്തിലായിരുന്നു കൊയ്ത്ത്.

വിദ്യാർഥികളും നാട്ടുകാരും കുഫോസ് ഫാം തൊഴിലാളികളോടൊപ്പം കൊയ്ത്തിൽ പങ്കാളികളായി. പള്ളുരുത്തി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ടി.പി. പീതാംബരനും കുമ്പളം കൃഷിഭവനിലെ ജീവനക്കാരും കരനെല്ല് കൃഷി കൊയ്ത്തിൽ പങ്കാളികളായി.

കയർ മേഖലകൾ സന്ദർശിച്ചു കർണാടക സംഘം

കൊച്ചി: കർണാടക ചെറുകിട വ്യവസായ മന്ത്രി എസ്.ആർ. ശ്രീനിവാസിന്റെ നേതൃത്വത്തിൽ എംഎൽഎമാരും കയർ കോ ഓപ്പറേറ്റിവ് ഫെഡറേഷൻ ആൻഡ് കോർപറേഷൻ പ്രതിനിധികളും കയർ മേഖലയിലെ വിദഗ്ധരും അടങ്ങുന്ന സംഘം എറണാകുളം, ആലപ്പുഴ ജില്ലകളിലെ കയർ യൂണിറ്റുകളും കയർ ബോർഡ് ഓഫീസുകളും സന്ദർശിച്ചു. കേരളത്തിലെ കയർ വ്യവസായത്തിന്റെ നിലവാരത്തെക്കുറിച്ചും കർണാടകത്തിലെ കയർ വ്യവസായത്തെ ശക്തിപ്പെടുത്താനുള്ള സാധ്യതയെക്കുറിച്ചും ബോർഡിലെ ഉദ്യോഗസ്ഥരുമായി സംഘം ചർച്ച നടത്തി.

കെ ടെറ്റ്: സർട്ടിഫിക്കറ്റ് പരിശോധന

കൊച്ചി: ആലുവ സെന്റ് ഫ്രാൻസീസ് എച്ച്എസ്, എസ്എൻഡിപി എച്ച്എസ് എന്നീ സെന്ററുകളിൽ നടന്ന കെ ടെറ്റ് പരീക്ഷയിൽ വിജയിച്ച ശേഷം യോഗ്യത സർട്ടിഫിക്കറ്റ് പരിശോധനയിൽ ഹാജരാകാതിരുന്നവർ 12ന് മുമ്പ് ആലുവ ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നടക്കുന്ന പരിശോധനയിൽ പങ്കെടുക്കണം.

വാടകയ്ക്കെടുത്ത വാഹനങ്ങൾ

പണയപ്പെടുത്തി പണംതട്ടുന്ന സംഘം പിടിയിൽ

തമിഴ്നാട്ടിലെ പൊള്ളാച്ചി, തെങ്കാശി എന്നിവിടങ്ങളിലും വണ്ടിപെരിയാറിലുമാണ് വാഹനങ്ങൾ പണയം വയ്ക്കുക

അറസ്റ്റിലായ ഡെനീഷ്, സന്തോഷ്, അച്ചിൽ വാവ, അലക്സ്.

പിറവം: വാഹനങ്ങൾ വാടകയ്ക്കെടുത്തശേഷം തമിഴ്നാട്ടിൽ പണയംവച്ച് പണംതട്ടുന്ന അന്തർ സംസ്ഥാന മോഷണസംഘത്തിലെ നാലു പേരെ പിറവം പോലീസ് പിടികൂടി. പിറവം, കൂത്താട്ടുകുളം, ആലപ്പുഴ, അങ്കമാലി എന്നിവിടങ്ങളിൽനിന്നുമാണ് സംഘം വണ്ടികൾ തട്ടിയെടുത്തത്.

ആലപ്പുഴ പാണാവള്ളി പുഷ്പാലയത്തിൽ ഡെനീഷ് (39), തൊടുപുഴ കരിമണ്ണൂർ പരീക്കൽ സന്തോഷ് (43), കൊച്ചി രാമേശ്വരം ചുള്ളിക്കൽ അച്ചിൽ വാവ (44), അങ്കമാലി കല്ലുപാലം പായ്ക്കാവീട്ടിൽ അലക്സ് (26) എന്നിവരെയാണ് പിറവം സിഐ പി.കെ. ശിവൻകുട്ടിയുടെ നേതൃത്വത്തിൽ വിവിധ സ്ഥലങ്ങളിൽനിന്ന് അറസ്റ്റ് ചെയ്തത്.

വാടകയ്ക്കെടുക്കുന്ന ഇന്നോവ പോലുള്ള വില കൂടിയ കാറുകൾ തമിഴ്നാട്ടിലെ പൊള്ളാച്ചി, തെങ്കാശി എന്നിവിടങ്ങളിലും വണ്ടിപെരിയാറിലും പണയംവച്ച് പണംതട്ടുകയാണ് പതിവ്. ഇങ്ങനെ കൊണ്ടുവരുന്ന കാറുകൾ വാങ്ങാനായി പ്രത്യേക സംഘങ്ങൾ ഇവിടെയുണ്ട്. ഇങ്ങനെയുള്ള സ്ഥലങ്ങളിൽനിന്ന് വണ്ടികൾ വീണ്ടെടുക്കുക പോലിസിനു പോലും ദുഷ്കരമായിരുന്നെങ്കിലും പിടിച്ചെടുത്ത ഇന്നോവ, സ്വിഫ്റ്റ്, എർട്ടിക്ക എന്നിവയുൾപ്പടെ നാലു വാഹനങ്ങൾ പോലീസ് പിറവം സ്റ്റേഷനിൽ എത്തിച്ചിട്ടുണ്ട്.

പിറവം സ്വദേശി ജോബിയുടെ ഇന്നോവ കാർ കടത്തിക്കൊണ്ടുപോയതുമായി ബന്ധപ്പെട്ടുള്ള പരാതിയിന്മേൽ നടന്ന അന്വേഷണത്തിലാണ് സംഘം കുടുങ്ങിയത്. പിടികൂടിയവരുടെ പേരിൽ കോട്ടയം ഈസ്റ്റ്, പൊൻകുന്നം, തൊടുപുഴ, മുവാറ്റുപുഴ, പെരുമ്പാവൂർ, പുതുക്കാട്, ഒല്ലൂർ, അങ്കമാലി, കൂത്താട്ടുകുളം, മരട്, പൂച്ചാക്കൽ, ആലപ്പുഴ സൗത്ത്, ആലപ്പുഴ നോർത്ത്, മാരാരിക്കുളം, കടുത്തുരുത്തി, ചേർത്തല, മണ്ണഞ്ചേരി, മുഹമ്മ പോലീസ് സ്റ്റേഷനുകളിൽ വാഹനമോഷണവുമായി ബന്ധപ്പെട്ട് മുപ്പതോളം കേസുകൾ നിലവിലുണ്ട്.

മുവാറ്റുപുഴ ഡിവൈഎസ്പി കെ. ബിജുമോന്റെ മേൽനോട്ടത്തിൽ പിറവം സിഐ പി.കെ. ശിവൻകുട്ടിയുടെ നേതൃത്വത്തിൽ രൂപീകരിച്ച പ്രത്യേക സ്ക്വാഡാണ് സൈബർ സെല്ലിന്റെയും മറ്റും സഹായത്തോടെ പ്രതികളെ പിടികൂടിയത്. പിറവം പോലീസ് എസ്ഐ വി.ഡി. റെജിരാജ്, അഡീഷൽ എസ്ഐ കെ.എൻ. ഷിബു, എഎസ്ഐമാരായ ശശിധരൻ, വിജയകുമാർ, സിവിൽ പോലീസ് ഓഫീസർമാരായ രാജു പോൾ, ബിജു ജോൺ, ശാന്തകുമാർ, കെ.എം. ബിജു എന്നിവരാണ് അന്വേഷണ സംഘത്തിലുണ്ടായിരുന്നത്. കോടതിയിൽ ഹാജരാക്കിയ പ്രതികളെ റിമാൻഡ് ചെയ്തു.

WANTED DEALERS

ബിസിനസ് സംരംഭം പുതുതായി ആരംഭിക്കാൻ ആഗ്രഹിക്കുന്നവർക്കും നഷ്ടത്തിൽ പ്രവർത്തിക്കുന്ന ബിസിനസ് മാറ്റുവാൻ താൽപര്യപ്പെടുന്നവർക്കുമായി ഒരു സുവർണാവസരം. മീഡിയാ കവറേജും ഫുൾ മാർക്കറ്റിംഗ് സപ്പോർട്ടും 100 ശതമാനം ലാഭവും ഉറപ്പ് തരുന്ന കമ്പനിയ്ക്ക് ജില്ലകൾ തോറും ഡീലർമ്മാരെ ആവശ്യമുണ്ട്. സ്വന്തമായി ഓഫീസും ജിഎസ്ടി രജിസ്ട്രേഷനും മൂന്നുലക്ഷം രൂപയും മുതൽ മുടക്കുവാൻ താൽപര്യമുള്ളവർ താഴെ കാണുന്ന നമ്പറിൽ ബന്ധപ്പെടുക. കുറഞ്ഞ മുതൽ മുടക്കിൽ അധിക ലാഭം പ്രതീക്ഷിക്കാം...

7591976291, 8078809250

E1809-382634

The South Indian Bank Ltd.
CIN: L65191KL1929PLC001017
Regd. Office: SIB House, T.B. Road, Mission Quarters, Thrissur-680 001. Phone : 0487 2420020.
Email : head@sib.co.in | Website : www.southindianbank.com

NOTICE

Notice is hereby given pursuant to Regulation 29 read with Regulation 47 of SEBI (Listing Obligations and Disclosure Requirements) Regulations 2015, that a Meeting of the Board of Directors of The South Indian Bank Limited , Thrissur, will be held on Monday, the 15th October, 2018, to inter-alia consider , approve and take on record the unaudited Financial Results of the Bank for the quarter ended 30th September, 2018. Investors may also refer to the websites: **www.southindianbank.com, www.nseindia.com, www.bseindia.com**

By Order of the Board
Sd/-
(JIMMY MATHEW)
COMPANY SECRETARY

Thrissur,
Date: 05-10-2018

T1810-383525

FEDERAL BANK
YOUR PERFECT BANKING PARTNER

ദി ഫെഡറൽ ബാങ്ക് ലിമിറ്റഡ്
രജി. ഓഫീസ്: പി. ബി. നമ്പർ 103, ഫെഡറൽ ടവേഴ്സ്, ആലുവ.
E-mail: secretarial@federalbank.co.in, Website: www.federalbank.co.in,
CIN: L65191KL1931PLC000368

ഓഹരി ഉടമകൾക്കുള്ള നോട്ടീസ്

ബാങ്കിന്റെ സെപ്തംബർ 30, 2018 വരെയുള്ള ഓഡിറ്റ് ചെയ്യാത്ത ഫിനാൻഷ്യൽ റിസൽട്ട് പരിഗണിക്കുന്നതിനായി, ബാങ്കിന്റെ ബോർഡ് ഓഫ് ഡയറക്ടേഴ്സിന്റെ മീറ്റിംഗ് 2018 ഒക്ടോബർ 16-ാം തീയതി, ചൊവ്വാഴ്ച നടത്തുന്ന വിവരം ഇതിനാൽ അറിയിക്കുന്നു. ഈ നോട്ടീസ് 2015-ലെ ലിസ്റ്റിംഗ് റെഗുലേഷനുകളിലെ 29 (1) (എ) / 29(2) ക്ലോസിന് ആസ്പദമായിട്ടുള്ളതാണ്. മേൽപറഞ്ഞ അറിയിപ്പ് ബാങ്കിന്റെ വെബ്സൈറ്റായ www.federal- bank.co.in-ലും, BSE-യുടെ വെബ്സൈറ്റായ www.bseindia.com-ലും, നാഷണൽ സ്റ്റോക്ക് എക്സ്ചേഞ്ച് ഓഫ് ഇന്ത്യ ലിമിറ്റഡിന്റെ www.nseindia.com-ലും ലഭ്യമാണ്.

ദി ഫെഡറൽ ബാങ്ക് ലിമിറ്റഡിനുവേണ്ടി
(ഒപ്പ്)
ഗിരീഷ് കുമാർ ഗണപതി
കമ്പനി സെക്രട്ടറി

ആലുവ
06/10/2018

E1810-383537

FEDERAL BANK
YOUR PERFECT BANKING PARTNER

Corporate Services Department
Federal Towers, Corporate Office, Aluva, Phone. 0484- 2634238

ROYAL ENFIELD CLASSIC 350 FOR SALE

Sealed Tenders/ Bids with EMD are invited for the sale of following Bank's vehicle in "As is where is condition"

KL 41 N 7376 – Royal Enfield Classic 350
KL 41 N 7381 – Royal Enfield Classic 350
KL 41 N 7338 – Royal Enfield Classic 350

The bidder shall quote for vehicles separately. Bid for each vehicle shall be given in separate envelope. The Bids will be accepted till 2.00 PM on 24-10-2018 and opened on the same day at 3.00 PM.

EMD of Rs.5000/- in the form of DD favouring Federal Bank, Payable at Ernakulam shall also accompany each bid. The EMD mentioned is for quoting 1 vehicle. If the bidder is quoting for more than 1 vehicle, separate EMD as mentioned above shall accompany each bid. The EMD amount will be forfeited if the bidder fails to take possession of the vehicle by making full payment of the bid amount within 7 days after intimation of confirmation of sale by the Bank. The base price for each vehicle below which the vehicle will not be sold is Rs 1.25 Lakhs.

The Bank reserves the right to reject any or all the tenders without assigning any reason. Vehicle can be inspected at the above address during working hours.

Aluva
05/10/2018

Assistant Vice President
Corporate Services Department

E1810-383535

www.ideacellular.com General information no. 98471 12345

പൊതു അറിയിപ്പ്

താഴെപ്പറയുന്നവ അറിയിക്കേണ്ടതിനാണ് ഇത്:

1. ഒക്ടോബർ 7, 2018 മുതൽ പ്രാബല്യത്തിൽ ഉള്ള ഐഡിയയുടെ ഒരു പുതിയ പ്രീപെയ്ഡ് കണക്ഷൻ എടുക്കുന്ന കേരള സർക്കിളിലെ വരിക്കാർ ഇനിപ്പറയുന്ന താരിഫ് പ്ലാനുകളിലായിരിക്കും:^ എല്ലാ ലോക്കൽ, STD വോയിസ്, വീഡിയോ, VOLTE കോളുകൾക്ക് 2.5 പൈസ/സെക്കന്റ്; ഡാറ്റയ്ക്ക് 0.5 പൈസ/10KB (2G/3G/4G ലഭ്യമാകുന്നത് അനുസരിച്ച്); ലോക്കൽ SMS താരിഫിന് ₹1, നാഷണലിന് ₹1.5, ഇന്റർനാഷണൽ SMSന് ₹5, ഈ താരിഫ് പ്ലാനിന് കീഴിലുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് ₹24 റീച്ചാർജ് അല്ലെങ്കിൽ ബാധകമായ റീച്ചാർജ്* ചെയ്തിരിക്കേണ്ടതാണ്. STV/കോംബോ വൗച്ചറുകൾ റീച്ചാർജ് ചെയ്യുകയാണെങ്കിൽ, താരിഫ് പ്ലാനിന്റെ വാലിഡിറ്റി STV/കോംബോ വൗച്ചറിന്റെ വാലിഡിറ്റിയായി ദീർഘിപ്പിക്കും. ₹24 വൗച്ചർ അല്ലെങ്കിൽ ബാധകമായ മറ്റേതെങ്കിലും റീച്ചാർജ് ഉപയോഗിച്ച് റീച്ചാർജ് ചെയ്യുന്നില്ലെങ്കിൽ, താരിഫ് വാലിഡിറ്റി കാലയളവിന്റെ അവസാനം, 15 ദിവസം വരെയുള്ള ഗ്രേസ് പിരിയഡിൽ പ്ലാൻ ആനുകൂല്യങ്ങൾ പരിമിതമാക്കിനൽകുവാനുള്ള അധികാരം വോഡഫോൺ ഐഡിയ ലിമിറ്റഡിന് ഉണ്ടായിരിക്കുന്നതായിരിക്കും. റീച്ചാർജ് വ്യവസ്ഥകൾ പാലിക്കുന്നില്ലെങ്കിൽ, ഗ്രേസ് പിരിയഡിനു ശേഷം, സേവനം സസ്പെൻഡ് ചെയ്യുന്നതായിരിക്കും.
2. ഒക്ടോബർ 7, 2018 മുതൽ പ്രാബല്യത്തിൽ ഉള്ള ഐഡിയയുടെ 180 ദിവസത്തിൽ കൂടുതലുള്ള ഒരു താരിഫ് പ്ലാൻ^ എടുക്കുന്ന കേരള സർക്കിളിലെ നിലവിലുള്ള പ്രീപെയ്ഡ് വരിക്കാർ ഇനിപ്പറയുന്ന താരിഫ് പ്ലാനുകളിലായിരിക്കും:^ എല്ലാ ലോക്കൽ, STD വോയിസ്, വീഡിയോ, VoLTE കോളുകൾക്ക് 2.5 പൈസ/സെക്കന്റ്; ഡാറ്റയ്ക്ക് 4 പൈസ/10KB (2G/3G/4G ലഭ്യമാകുന്നത് അനുസരിച്ച്); ലോക്കൽ SMS താരിഫിന് ₹1, നാഷണലിന് ₹1.5, ഇന്റർനാഷണൽ SMSന് ₹5, ഈ താരിഫ് പ്ലാനിനു കീഴിലുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് ₹24 റീച്ചാർജ് അല്ലെങ്കിൽ ബാധകമായ റീച്ചാർജ്* ചെയ്തിരിക്കേണ്ടതാണ്. STV/കോംബോ വൗച്ചറുകൾ റീച്ചാർജ് ചെയ്യുകയാണെങ്കിൽ, താരിഫ് പ്ലാനിന്റെ വാലിഡിറ്റി STV/ കോംബോ വൗച്ചറിന്റെ വാലിഡിറ്റിയായി ദീർഘിപ്പിക്കും. ₹24 വൗച്ചർ അല്ലെങ്കിൽ ബാധകമായ റീച്ചാർജ് ഉപയോഗിച്ച് റീച്ചാർജ് ചെയ്യുന്നില്ലെങ്കിൽ, താരിഫ് വാലിഡിറ്റി കാലയളവിന്റെ അവസാനം, 15 ദിവസം വരെയുള്ള ഗ്രേസ് പിരിയഡിൽ പ്ലാൻ ആനുകൂല്യങ്ങൾ പരിമിതമാക്കിനൽകുവാനുള്ള അധികാരം വോഡഫോൺ ഐഡിയ ലിമിറ്റഡിന് ഉണ്ടായിരിക്കുന്നതായിരിക്കും. റീച്ചാർജ് വ്യവസ്ഥകൾ പാലിക്കുന്നില്ലെങ്കിൽ, ഗ